## ചൈൽഡ് ഫ്രണ്ട്ലി സ്റ്റേഷനുവേണ്ടി ചൈൽഡ് ഫ്രണ്ട്ലി വെഹിക്കിൾ

കൊല്ലം : കുട്ടികളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനുമായി കൊല്ലം സിറ്റി പോലീസ് ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ഒരുക്കിയ ചൈൽഡ് ഫ്രണ്ട്ലി സ്റ്റേഷനുവേണ്ടി ചൈൽഡ് ഫ്രണ്ട്ലി വെഹിക്കിൾ സജ്ജമാക്കി. സംസ്ഥാനത്ത് ആദ്യമായാണ് കുട്ടികൾക്ക് വേണ്ടി ഇത്തരമൊരു വാഹനം പോലീസ് തയ്യാറാക്കിയിരിക്കുന്നത്. കാർട്ടൂൺ കഥാപാത്രങ്ങളുടെ ചിത്രങ്ങൾ പതിപ്പിച്ച ഒരു കാർ ആണ് ഇതിന് വേണ്ടി ഉപയോഗിക്കുന്നത്. ഈ അദ്ധ്യായന വർഷം എല്ലാ സ്കൂളുകളിലും ഈ വാഹനം സന്ദർശനം നടത്തുന്നതാണ്. ലഹരി വിരുദ്ധ ബോധവൽക്കരണവും, കുട്ടികൾക്കെതിരെയുള്ള അതിക്രമത്തെ സംബന്ധിച്ച അറിവ് പകർന്ന് നൽകാനും, ഗതാഗത ബോധവൽക്കരണം, പെൺകുട്ടികൾക്ക് സ്വയം പ്രതിരോധം സംബന്ധിച്ച പാഠങ്ങൾ നൽകുക എന്നിവയാണ് സ്കൂൾ സന്ദർശനത്തിലൂടെ ഈ വാഹനം ലക്ഷ്യം വയ്ക്കുന്നത്. കുട്ടികൾക്കെതിരെയുള്ള ഏത് വെല്ലുവിളികളും നേരിടുന്നതിന് പരിശീലനം സിദ്ധിച്ച ഒരു പോലീസ് ടീമിനെ തന്നെ ഇതിനായി തയ്യാറാക്കിയിട്ടുള്ളതായി സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു. സ്കൂൾ സന്ദർശന വേളകളിൽ ശക്തി സെൽ കൗൺസിലേഴ്സുമായി ടീം അംഗങ്ങൾ ബന്ധപ്പെടുകയും കുട്ടികളുടെ ശരിയായ മാനസിക പ്രശ്നങ്ങൾ മനസിലാക്കി ഉടനടി പരിഹാരം കാണുന്നതിനുള്ള പദ്ധതിയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊല്ലം സിറ്റി പരിധിയിലെ അദ്ധ്യാപകരും വിദ്യാർഥികളും രക്ഷാകർത്താക്കളും പൊതുജനങ്ങളും ഈ വാഹനത്തിന്റെ സേവനം പ്രയോജനപ്പെടുത്തണം എന്ന് സിറ്റി പോലീസ് കമ്മീഷണർ അറിയിക്കുന്നു.




ചൈൽഡ് ഫ്രണ്ട്ലി വെഹിക്കിളിന്റെ ഔപചാരികമായ ഉദ്ഘാടനം കൊല്ലം സെന്റ് ജോസഫ് സ്കൂൾ വളപ്പിൽ കുട്ടികളുടെ സാന്നിദ്ധ്യത്തിൽ 05.06.2018 രാവിലെ 10.00 മണിയ്ക്ക് കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ഡോ. അരുൾ.ആർ ബി.കൃഷ്ണ ഐ.പി.എസും, സെന്റ് ജോസഫ് സ്കൂൾ വൈസ് പ്രിൻസിപ്പാൾ സിസ്റ്റർ ഫിലോമിനയും ചേർന്ന് ഫ്ളാഗ് ഓഫ് ചെയ്തു.

ഈ ചടങ്ങിൽ ട്രാഫിക്ക് നോഡൽ ഓഫീസറും അസി. പോലീസ് കമ്മീഷണറുമായ ശ്രീ എ.അശോകൻ, ഈസ്റ്റ് സർക്കിൾ ഇൻസ്പെക്ടർ മഞ്ജുലാൽ, ഡിസ്ട്രിക് ക്രൈം ബ്രാഞ്ച് അസി. സബ്ബ് ഇൻസ്പെക്ടർ ഷാനവാസ് .എച്ച്, സൂനിൽ, സൂരജ് എന്നിവർ സന്നിഹിതരായിരുന്നു.